നാളികേരത്തിന്റെ ഉൽപ്പാദനവർദ്ധന ഉറപ്പുവരുത്താൻ പദ്ധതി

55 [5509] ശ്രീ. കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള തെങ്ങ് കൃഷിക്കാരുടെ നാളികേരത്തിന്റെ ഉൽപ്പാദനവർദ്ധന ഉറപ്പു വരുത്താൻ പ്രത്യേകമായി എന്തെങ്കിലും സ്കീമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ചെറുകിട കർഷകർക്ക് കുളം നവീകരണം, കുളം നിർമ്മാണം, ഡ്രിപ്പ് ഇറിഗേഷൻ, പരമ്പരാഗത ജലസേചനം, മോട്ടോർ ഉപയോഗിച്ചുള്ള സാധാരണ ജലസേചനം എന്നിവ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ ഇതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വിഭാഗത്തിന് പ്രത്യേകമായി പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലില്ല. ഇപ്പോൾ നടപ്പിലാക്കിവരുന്ന നാളികേര വികസന പദ്ധതികളെല്ലാം തന്നെ ചെറുകിട-നാമമാത്ര നാളികേര കർഷകരെ ഉദ്ദേശിച്ചുള്ളവയാണ്.

(ബി, സി) ഉണ്ട്. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 500 പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിനും 300 കിണറുകൾ കുഴിക്കുന്നതിനുമായി 40 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എം. ഒ. യു. പദ്ധതിപ്രകാരം 88.88 ഹെക്ടർ സ്ഥലത്ത് ഡ്രിപ്പ് ഇറിഗേഷന് 10 ലക്ഷം രൂപയും 66.66 ഹെക്ടറിൽ സ്പ്രിംഗ്ളർ ഇറിഗേഷന് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നാളികേര ബോർഡ് 1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്ന പ്രദർശന തോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പമ്പുസെറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രദർശനതോട്ടങ്ങൾക്കായി ഹെക്ടറിന് 17,500 രൂപ വീതം രണ്ടുവർഷം ധനസഹായം നൽകുന്നു. ആകെ 175 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

കാർഡമം കൃഷിക്ക് സ്പൈസസ് ബോർഡ് നൽകുന്ന സബ്സിഡി

56 [5510] ശ്രീ. കെ. അച്ചുതൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ഇ. എം. അഗസ്തി:
,, എം. മുരളി:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഡമം കൃഷിക്ക് വേണ്ടി ജലസേചനാർത്ഥം കർഷകർ വാങ്ങുന്ന പമ്പ്സെറ്റിനും കുഴിക്കുന്ന കുളം, കിണർ എന്നിവയ്ക്കും സ്പൈസസ് ബോർഡിൽ നിന്നും സബ്സിഡി നൽകി വരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly